روضة الخطباء
റൗദതുൽ ഖുതബാഅ്, ഖുതുബ നോട്ട്
sufaraulislam.com
ശഅബാൻ മാസം
19/03/2021

بسم الله الرحمن الرحيم

ഒരു വിശ്വാസിയുടെ ഏറ്റവും വലിയ ആഗ്രഹം തന്റെ റബ്ബിനെ കണ്ടുമുട്ടുക എന്നതാണ്. ആ ആഗ്രഹം സഫലമാകുവാൻ അള്ളാഹു പഠിപ്പിച്ച ഒരു മാർഗ്ഗം സൽകർമ്മങ്ങൾ പ്രവർത്തിക്കലാണ്. അല്ലാഹു പറയുന്നത് കാണുക.

قُلْ إِنَّمَا أَنَا بَشَرٌ مِثْلُكُمْ يُوحَى إِلَيَّ أَنَّمَا إِلَهُكُمْ إِلَهٌ وَاحِدٌ فَمَنْ كَانَ يَرْجُو لِقَاءَ رَبِّهِ فَلْيَعْمَلْ عَمَلًا صَالِحًا وَلَا يُشْرِكْ بِعِبَادَةِ رَبِّهِ أَحَدًا (سورة الكهف: ١١٠)

❖ **ഒരു കർമ്മം സൽകർമ്മം ആകുന്നത് രണ്ട് നിബന്ധനകൾ പൂർത്തിയാകുമ്പോഴാണ്.**

1. അല്ലാഹുവിൽ വിശ്വസിച്ച് അവന്റെ പ്രീതി കാംക്ഷിച്ച് ചെയ്യുക.
2. പ്രവാചകന്റെ മാതൃക ഉണ്ടാവുക.

പല ആളുകളും സ്വന്തത്തിനു തോന്നുന്നതോ, നേതാക്കളോ സംഘടനകളോ തീരുമാനിക്കുന്നതോ, ശൈഖന്മാർ കൽപ്പിക്കുന്നതോ ചെയ്തു വരുന്നത് കാണാം.

പലരും വിശ്വസിക്കുന്നത് അവർ ഒരു നല്ല കാര്യമാണ് ചെയ്യുന്നത് എന്നാണ്. എന്നാൽ അല്ലാഹു പറയുന്നത്:

قُلْ هَلْ نُنَبِّئُكُمْ بِالْأَخْسَرِينَ أَعْمَالًا (١٠٣) الَّذِينَ ضَلَّ سَعْيُهُمْ فِي الْحَيَاةِ الدُّنْيَا وَهُمْ يَحْسَبُونَ أَنَّهُمْ يُحْسِنُونَ صُنْعًا (١٠٤) أُولَئِكَ الَّذِينَ كَفَرُوا بِآيَاتِ رَبِّهِمْ وَلِقَائِهِ فَحَبِطَتْ أَعْمَالُهُمْ فَلَا نُقِيمُ لَهُمْ يَوْمَ الْقِيَامَةِ وَزْنًا (١٠٤) (الكهف)

ആരെങ്കിലും അല്ലാഹുവിനു വേണ്ടി ഈമാനോടുകൂടി യഥാവിധി പ്രവർത്തിച്ചാൽ അവരുടെ പരിശ്രമം പാഴാവുന്നതല്ല.

وَمَنْ أَرَادَ الْآخِرَةَ وَسَعَى لَهَا سَعْيَهَا وَهُوَ مُؤْمِنٌ فَأُولَئِكَ كَانَ سَعْيُهُمْ مَشْكُورًا( سورة الإسراء: ١٩)

ഈ ഒരു അടിസ്ഥാനത്തിൽ നമ്മിലേക്ക് കടന്നു വന്നിട്ടുള്ള ശഅബാൻ മാസത്തെ കുറിച്ച്, അതിൽ നടക്കുന്ന ഓരോ വിശ്വാസ ആചാര കർമ്മങ്ങളെ കുറിച്ച് ഒരു താരതമ്യം ചെയ്യൽ അനിവാര്യമാണ്.

- അല്ലാഹു ചില മാസങ്ങൾക്കും ദിവസങ്ങൾക്കും പ്രത്യേകത നൽകിയിട്ടുണ്ട്.

അതിൽ നാലു മാസങ്ങൾ പവിത്രമായതാണ്.

(رجب، محرم، ذو القعدة، ذو الحجة)

അതിൽ റമദാനിന് പ്രത്യേകമായ പുണ്യങ്ങൾ വേറെയും കാണാം.

അതുപോലെ നാം ഇന്നുള്ള ശഅ്ബാൻ മാസത്തിനും ചില പ്രത്യേകതകൾ കാണുവാൻ സാധിക്കും.

**ആ വിഷയത്തിൽ ഒരുപാട് ഹദീസുകളും ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്.**

**1. സൽകർമ്മങ്ങൾ അല്ലാഹുവിങ്കലേക്ക് ഉയർത്തപ്പെടുന്നത് ശഅബാൻ മാസത്തിലാണ്.**

عَنْ أُسَامَةَ بْنِ زَيْدٍ رَضِيَ اللَّهُ عَنْهُ قَالَ رَسُولُ اللَّهِ -ﷺ-: «وهو شَهْرٌ تُرْفَعُ فيه الأعمالُ إلى ربِّ العالَمينَ»

റസൂലുല്ലാഹി -ﷺ- പറഞ്ഞു: "ആ മാസം; ലോകങ്ങളുടെ റബ്ബായ അല്ലാഹുവിങ്കലേക്ക് സൽ കർമ്മങ്ങൾ ഉയർത്തപ്പെടുന്നത് അതിലാകുന്നു." (സ്വഹീഹുന്നസാഇ)

**2. നബി -ﷺ- ധാരാളമായി ഈ മാസത്തിൽ നോമ്പനുഷ്ഠിച്ചിരുന്നു.**

عَنْ أُمِّ الْمُؤْمِنِينَ عَائِشَةَ رَضِيَ اللَّهُ عَنْهَا قالت: «لَمْ يَكُنِ النَّبِيُّ -ﷺ- يَصُومُ شَهْرًا أَكْثَرَ مِنْ شَعبانَ، فَإِنَّهُ كَانَ يَصُومُ شَعْبَانَ كُلَّهُ»

ആഇശ (റ) പറഞ്ഞു: "ശഅബാൻ മാസത്തേക്കാൾ ധാരാളമായി മറ്റൊരു മാസങ്ങളിലും നബി -ﷺ- നോമ്പനുഷ്ഠിക്കാറുണ്ടായിരുന്നില്ല. അവിടുന്ന് ശഅബാൻ മുഴുവനായും നോമ്പനുഷ്ഠിച്ചിരുന്നു." (ബുഖാരി)

മറ്റൊരു രിവായത്തിൽ ആയിശ (റ) തന്നെ പറഞ്ഞു:

عَنْ أُمِّ الْمُؤْمِنِينَ عَائِشَةَ رَضِيَ اللَّهُ عَنْهَا قالت: «وَلَمْ أَرَهُ صَائِمًا مِنْ شَهْرٍ قَطُّ أَكْثَرَ مِنْ صِيَامِهِ مِنْ شَعْبَانَ، كَانَ يَصُومُ شَعْبَانَ كُلَّهُ، كَانَ يَصُومُ شَعْبَانَ إِلَّا قَلِيلًا»

ശഅബാൻ മാസത്തിലെ നോമ്പിനേക്കാൾ ധാരാളമായി മറ്റൊരു മാസത്തിലും അവിടുത്തെ നോമ്പുകാരനായി ഞാൻ കണ്ടിട്ടില്ല. വളരെ കുറച്ച് ദിവസങ്ങളൊഴികെ ശഅബാൻ മുഴുവനായും അദ്ദേഹം നോമ്പനുഷ്ഠിക്കാറുണ്ടായിരുന്നു." (മുസ്‌ലിം:)

قَالَ النَّوَوِيُّ رَحِمَهُ اللَّهُ: «وَبَيَان أَنَّ قَوْلَهَا (كُلَّهُ) أَيْ: غَالِبَهُ»

ഇമാം നവവി -(റ) പറഞ്ഞു: "ശഅബാൻ മുഴുവനായും എന്നു പറഞ്ഞാൽ ഭൂരിഭാഗവും എന്നാണുദ്ദേശം." (ശർഹുമുസ്‌ലിം)

**3. ശഅബാൻ പകുതിയിലെ രാത്രിയിൽ അല്ലാഹു അവന്റെ അടിയാറുകൾക്ക് പാപ മോചനം നൽകുന്നു.**

عن أبي موسى الأشعري عن رسول الله -ﷺ- قال : «إِنَّ اللَّهَ لَيَطَّلِعُ فِي لَيْلَةِ النِّصْفِ مِنْ شَعْبَانَ فَيَغْفِرُ لِجَمِيعِ خَلْقِهِ إِلَّا لِمُشْرِكٍ أَوْ مُشَاحِنٍ»

നബി (സ) പറഞ്ഞു: "നിശ്ചയമായും അല്ലാഹു ശഅബാൻ പകുതിയുടെ രാവിൽ (പതിനഞ്ചാം രാവ്) അവന്റെ പടപ്പുകളിലേക്കു നോക്കുക തന്നെ ചെയ്യും. എന്നിട്ട് അവന്റെ എല്ലാ സൃഷ്ടികൾക്കും പൊറുത്തു കൊടുക്കും; മുശ്രികിനും മുശാഹിനും ഒഴികെ." (ഇബ്നുമാജ)

قَالَ الإِمَامُ ابْنُ الأَثِيرِ رَحِمَهُ اللَّهُ: «المُشَاحِنُ هُوَ المُعَادِي»

ഇമാം ഇബ്നുൽ അസീർ (റഹി) പറഞ്ഞു: "മുഷാഹിൻ എന്നാൽ ശത്രുതയും പകയുമുള്ളവൻ.

قَالَ الإِمَامُ الأَوْزَاعِيُّ رَحِمَهُ اللَّهُ: أَرَادَ بِالمُشَاحِنِ هَا هُنَا صَاحِبَ البِدْعَةِ المُفَارِقَ لِجَمَاعَةِ الأُمَّةِ.

ഇമാം ഔസാഈ (റഹി) പറഞ്ഞു: "മുശാഹിൻ എന്നതു കൊണ്ട് ഇവിടെ ഉദ്ദേശം മുസ്‌ലിം പൊതുസമൂഹത്തിൽ നിന്ന് ഭിന്നിച്ചു നിൽക്കുന്ന ബിദ്അത്തുകാരൻ എന്നാണ്."

عَنْ أَبِي ثَعْلَبَةَ الْخُشَنِيِّ: قَالَ النَّبِيُّ -ﷺ-: «إِنَّ اللَّهَ يَطَّلِعُ عَلَى عِبَادِهِ فِي لَيْلَةِ النِّصْفِ مِنْ شَعْبَانَ، فَيَغْفِرُ لِلْمُؤْمِنِينَ، وَيُمْلِي لِلْكَافِرِينَ، وَيَدَعُ أَهْلَ الْحِقْدِ بِحِقْدِهِمْ حَتَّى يَدَعُوهُ»

നബി -ﷺ- പറഞ്ഞു: നിശ്ചയമായും അല്ലാഹു ശഅബാൻ പകുതിയുടെ രാവിൽ (പതിനഞ്ചാം രാവ്) തന്റെ അടിയാറുകളിലേക്കു നോക്കും. എന്നിട്ട് സത്യവിശ്വാസികൾക്ക് പൊറുത്തുകൊടുക്കുകയും കാഫിറുകൾക്ക് അവധി നീട്ടിയിട്ടുകൊടുക്കുകയും പരസ്പരം പകയിലും വിദ്വേഷത്തിലും കഴിയുന്നവരെ അവരതുപേക്ഷിക്കുന്നതു വരെ (പരിഗണിക്കാതെ) ഒഴിവാക്കുകയും ചെയ്യും."(സ്വഹീഹുൽ സ്വഹീഹുൽജാമിഉ)

❖ **ശഅബാനിലെ അനാചാരങ്ങൾ എന്തെല്ലാം ?.**

- ശഅബാൻ മാസവുമായി ബന്ധപ്പെട്ട് ഇന്ന് ജനങ്ങൾ ആചരിച്ചുവരുന്ന എന്തിനൊക്കെയാണ് പ്രവാചകന്റെ മാതൃക ഉള്ളത് എന്ന് പരിശോധിക്കൽ തന്റെ സൽകർമ്മങ്ങൾക്ക് പ്രതിഫലം ആഗ്രഹിക്കുന്ന വിശ്വാസിയുടെ ബാധ്യതയാണ്.
- ശഅബാനിൽ മുസ്ലിം സമൂഹത്തിൽ ചിലർ ആചരിക്കുന്ന ബിദ്അത്തുകൾ നോക്കാം.

**1. ശഅബാൻ പതിനഞ്ചിന് പ്രത്യേകമായുള്ള നോമ്പ്.**

- ബറാഅത്ത് നോമ്പ് എന്ന പേരിൽ പൊതുവേ ആളുകൾ പറഞ്ഞു വരാറുള്ള നോമ്പ് ആണിത്.
- ശഅബാൻ മാസത്തിൽ പൊതുവേ നോമ്പ് പിടിക്കലും ശഅബാൻ മാസത്തിന്റെ ഭൂരിഭാഗം ദിവസങ്ങളും നോമ്പെടുക്കലും നബി (സ) യുടെ സുന്നത്താണ്
- അതുപോലെ എല്ലാ ഹിജ്റ മാസങ്ങളിലെയും അയ്യാമുൽ ബീളിന്റെ ദിവസങ്ങൾ എന്ന നിലക്ക് നോമ്പെടുക്കൽ സുന്നത്താണ്.
- ദാവൂദ് നബി (അ) യുടെ നോമ്പ് എന്ന് നബി (സ) പഠിപ്പിച്ച ഒന്നിടവിട്ട് നോമ്പെടുക്കുന്നതും സുന്നത്താണ്.
- ആ നിലക്കെല്ലാം ശഅബാൻ പതിനഞ്ചിന് ഒരാൾ നോമ്പെടുക്കുകയാണ് എങ്കിൽ അത് നബി (സ) പഠിപ്പിച്ച പരിധിക്കുള്ളിൽ വരുന്നതാണ്.
- എന്നാൽ അതല്ലാതെ ശഅബാൻ പതിനഞ്ചിന് മാത്രം പ്രത്യേകമായ നോമ്പുണ്ട് എന്ന് വാദിക്കുകയും, ബറാഅത്ത് നോമ്പ് എന്ന പേരിൽ ആളുകളോട് ശഅബാൻ പതിനഞ്ച് നോമ്പെടുക്കണം എന്നാവശ്യപ്പെടുകയും ചെയ്യുന്നത് ചിലർ കടത്തിക്കൂട്ടിയ ബിദ്അത്തുകളിൽപ്പെട്ടതാണ്.

إذا كانت ليلة النصف من شعبان فقوموا ليلها وصوموا نهارها

ശഅബാൻ പാതിയായാൽ (അഥവാ പതിനഞ്ചായാൽ) അതിന്റെ രാവ് നിങ്ങൾ നിന്ന് നമസ്കരിക്കുകയും, അതിന്റെ പകൽ നിങ്ങൾ നോമ്പെടുക്കുകയും ചെയ്യുക".

- ഇബ്നു മാജയാണ് ഈ ഹദീസ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. പക്ഷെ ഈ ഹദീസ് موضوع ആയ ഹദീസ്, അഥവാ കെട്ടിച്ചമക്കപ്പെട്ട ഹദീസ് ആണ് എന്നാണ് മുഹദ്ദിസീങ്ങൾ രേഖപ്പെടുത്തിയിട്ടുള്ളത്.

**2. ശഅബാൻ പതിനഞ്ചിന്റെ രാവിലെ 'സ്വലാത്തുൽ അൽഫിയ'**

- ശഅബാൻ പതിനഞ്ചിന്റെ രാവിലെ സ്വലാത്തുൽ അൽഫിയ  എന്ന നമസ്കാരം യാതൊരു പ്രമാണവുമില്ലാത്ത മറ്റൊരു ബിദ്അത്താണ്.
- ശഅബാൻ പതിനഞ്ചിന് നൂറ് റകഅത്ത് നമസ്കരിക്കുകയും അതിൽ ഓരോ റകഅത്തിലും പത്ത് വീതം തവണ സൂറത്തുൽ ഇഖ്‌ലാസ് പാരായണം ചെയ്യുകയും ചെയ്യുന്ന പ്രത്യേക നമസ്കാരമാണ് അത്.

അതിനെക്കുറിച്ച് ഇമാം നവവി (റ) പറയുന്നു:

الصلاة المعروفة بصلاة الرغائب , وهي ثنتا عشرة ركعة تصلى بين المغرب والعشاء ليلة أول جمعة في رجب , وصلاة ليلة نصف شعبان مائة ركعة وهاتان الصلاتان بدعتان ومنكران

സ്വലാത്തുർ റഗാഇബ് എന്നറിയപ്പെടുന്ന (ആഗ്രഹസഫലീകരണ) നമസ്കാരം, അതായത് റജബ് മാസത്തിലെ ആദ്യത്തെ ജുമുഅ ദിവസം മഗ്രിബിനും ഇഷാക്കും ഇടയിൽ നമസ്കരിക്കുന്ന പന്ത്രണ്ട് റകഅത്ത് നമസ്കാരം, അതുപോലെ ശഅബാൻ പതിനഞ്ചിന് നമസ്കരിക്കുന്ന നൂറ് റകഅത്ത് നമസ്കാരം ഇവ രണ്ടും ബിദ്അത്താണ്. - [അൽമജ്മൂഅ്].

**3. ശഅബാൻ പതിനഞ്ചാം രാവിൽ പ്രത്യേകം എണ്ണം സൂറത്തു യാസീൻ പാരായണം ചെയ്യൽ.**

- പ്രമാണബദ്ധമായി സ്ഥിരപ്പെടാത്ത ഒരു കാര്യമാണ്. യാതൊരുവിധ ഹദീസും ഇതുമായി ബന്ധപ്പെട്ട് സ്ഥിരപ്പെട്ട് വന്നിട്ടില്ല.

**4. നാല്: ശഅബാൻ പതിനഞ്ച് ആഘോഷിക്കൽ അനാചാരങ്ങളിൽപെട്ടതാണ്.**

- നബി (സ) നമുക്ക് പഠിപ്പിച്ച് തന്നത് മൂന്ന് ആഘോഷങ്ങളാണ്.
- ഈദുൽ അള്ഹാ , ഈദുൽ ഫിത്വർ.
- അതുപോലെ വെള്ളിയാഴ്ച ദിവസം. ഇതല്ലാത്ത മറ്റൊരു ഈദ് മതത്തിലില്ല.
- അതുകൊണ്ടുതന്നെ ശഅബാൻ പതിനഞ്ചാം രാവിൽ മധുരം കൊടുത്തും പ്രത്യേകം ഭക്ഷണം പാകം ചെയ്തുമെല്ലാം ആഘോഷിക്കുന്നത് ബിദ്അത്താണ്.

**5. ആയുസ് വർദ്ധിക്കാനും, അപകടങ്ങൾ നീങ്ങാനും പ്രത്യേകമായി ശഅബാൻ പതിനഞ്ചാം രാവിൽ ആറു റകഅത്തുകൾ നമസ്കരിക്കൽ.**

- മുകളിൽ പറഞ്ഞതു പോലെ ഇതിനും നബി (സ) യിൽ നിന്നും മാതൃകയൊന്നും കാണാൻ കഴിയില്ല. മറ്റാരോ കടത്തിക്കൂട്ടിയ ബിദ്അത്താണ്.
- ഇത്തരം പുത്തൻ ആചാരങ്ങൾ എല്ലാം വെടിഞ്ഞ് വിശുദ്ധ ഖുർആനും തിരുസുന്നത്തും ജീവിതത്തിൽ പകർത്തി ജീവിക്കാൻ ഓരോരുത്തരും പരിശ്രമിക്കുക.
- ഒരാൾ ഉദ്ദേശിക്കുന്നുവെങ്കിൽ അയാൾക്ക് ചെയ്യാൻ മാത്രം സുന്നത്തുകൾ അല്ലാഹുവിന്റെ റസൂൽ (സ) തന്നെ പഠിപ്പിച്ചിട്ടുണ്ട്.
- അതിലേക്ക് പുത്തൻ ആചാരങ്ങൾ കടത്തിക്കൂട്ടേണ്ടതില്ല.

---

ഖുത്ബ നോട്ടുകൾ ലഭിക്കാൻ (+917034743343) എന്ന നമ്പർ സേവ് ചെയ്തു പേരും സ്ഥലവും ചേർത്തു വാട്സാപ്പ് മെസേജ് അയക്കുക.

മുമ്പ് തയ്യാറാക്കിയ ഖുത്ബകൾ ലഭിക്കാൻ http://www.sufaraulislam.com/ എന്ന സൈറ്റ് സന്ദർശിക്കുക.